19.05.2022

പത്രക്കുറിപ്പ്

## ദൃശ്യമാധ്യമ പരിശീലനം പൂർത്തിയാക്കി ആദിവാസി മേഖലയിലെ യുവജനങ്ങൾ

- **സർട്ടിഫിക്കറ്റ് വിതരണം മെയ് 21 ശനിയാഴ്ച തിരുവനന്തപുരത്ത് വൈ.എം.സി.എ. ഹാളിൽ**
- **ഇതോടൊപ്പം ഫോട്ടോ പ്രദർശനവും, പഠന വീഡിയോ പ്രദർശനവും, മാധ്യമ ശിൽപ്പശാലയും**

യുണൈറ്റഡ് നേഷൻസ് ഡവലപ്മെന്റ് പ്രോഗ്രാം (യു.എൻ.ഡി.പി.) ന്റെ ഹൈറേഞ്ച് മൗണ്ടൻ ലാൻഡ്സ്കേപ്പ് പദ്ധതിയിലുൾപ്പെടുത്തി മൂന്ന് ജില്ലകളിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ള യുവജനങ്ങൾക്കായി സംഘടിപ്പിച്ച ദൃശ്യമാധ്യമ കോഴ്സ് പൂർത്തിയാക്കിയവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണവും ശിൽപ്പശാലയും മെയ് 20, 21 തീയതികളിലായി തിരുവനന്തപുരത്ത് നടക്കും. നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സി-ഡിറ്റിന്റെ സഹകരണത്തോടെയാണ് 6 മാസം ദൈർഘ്യമുള്ള പരിശീലന കോഴ്സ് സംഘടിപ്പിച്ചത്. ജൈവവൈവിധ്യവും അനുബന്ധ ഘടകങ്ങളും കേന്ദ്ര വിഷയമാക്കിയായിരുന്നു പരിശീലന പരിപാടി. എറണാകുളം, ഇടുക്കി, തൃശൂർ ജില്ലകളിൽ നിന്നുള്ളവരാണ് പരിശീലന പരിപാടിയിൽ പങ്കെടുത്തത്. തിരുവനന്തപുരത്ത് സ്റ്റാച്യുവിലുള്ള വൈ.എം.സി.എ. ഹാളിലാണ് ചടങ്ങ് സംഘടിപ്പിച്ചിട്ടുള്ളത്. മെയ് 20 ന് രാവിലെ 10.30 ന് പ്രശസ്ത ചലച്ചിത്ര സംവിധായകൻ ഡോ. ബിജു ഫോട്ടോ പ്രദർശനം ഉദ്ഘാടനം ചെയ്യും. തുടർന്നും അടുത്ത ദിവസവും നടക്കുന്ന മാധ്യമ ശിൽപ്പശാലയ്ക്ക് പ്രശസ്ത ഛായാഗ്രാഹകൻ കെ.ജി.ജയൻ, എഷ്യാനെറ്റ് ന്യൂസ് എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ബിജു എന്നിവർ നേതൃത്വം നൽകും. മെയ് 21 വൈകുന്നേരം 3 മണിക്ക് സംസ്ഥാന ചലച്ചിത്ര അക്കാദമി ചെയർമാനും പ്രശസ്ത സംവിധായകനുമായ ശ്രീ. രഞ്ജിത്ത് കോഴ്സ് പൂർത്തിയാക്കിയവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണം നിർവ്വഹിക്കും. നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ അധ്യക്ഷയാകുന്ന ചടങ്ങിൽ യു.എൻ.ഡി.പി. പ്രോജക്ട് കോർഡിനേറ്റർ അരുൺ രാമചന്ദ്രൻ റിപ്പോർട്ട് അവതരിപ്പിക്കും. സി-ഡിറ്റ് രജിസ്ട്രാർ ജയദേവ് ആനന്ദ് എ.കെ, ഹരിതകേരളം മിഷൻ കൺസൾട്ടന്റ് ടി.പി. സുധാകരൻ, സി-ഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ ഇൻചാർജ് മനോജ് കൃഷ്ണൻ, സി-ഡിറ്റ് കോഴ്സ് കോർഡിനേറ്റർ പ്രേംസുജ എന്നിവർ പങ്കെടുക്കും.

പരിശീലനത്തിൽ പങ്കെടുത്തവരുടെ പഠന വീഡിയോ പ്രദർശനവും പ്രശസ്ത ചലച്ചിത്ര സംവിധായകൻ മനോജ് കാനയുമയി മുഖാമുഖം പരിപാടിയും ഇതോടൊപ്പം സംഘടിപ്പിച്ചിട്ടുണ്ട്. പരിശീലന കാലയളവിലും തുടർന്നും ഇവർ പകർത്തിയ ചിത്രങ്ങളാണ് ഫോട്ടോ പ്രദർശനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ദൃശ്യമാധ്യമം വിഷയമാക്കി നൽകിയ പരിശീലന പരിപാടി ആദിവാസി മേഖലയിൽ നിന്നുള്ള പഠിതാക്കൾക്ക് പുത്തൻ തൊഴിൽ സങ്കേതങ്ങൾ തേടാൻ അവസരം ഒരുക്കുകയാണെന്ന് നവകേരളം കർമപദ്ധതി കോർഡിനേറ്റർ ഡോ. ടി.എൻ.സീമ അറിയിച്ചു.

**പബ്ലിക് റിലേഷൻസ് ഓഫീസർ**
**9447587632**